بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ۝۱

# ജുമുഅ ഖുത്ബ സംഗ്രഹം 25.01.2025

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

***യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.***

# തിരുനബി ചരിത്രം:
# കുർസ് ബിൻ ജാബിർ, ദീ ഖർദ് യുദ്ധനീക്കങ്ങൾ

اَشْھَدُ اَنْ لَّاۤ اِلٰہَ اِلَّا اللّٰہُ وَحْدَہٗ لَا شَرِیْکَ لَہٗ وَاَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰہِ مِنَ الشَّیْطٰنِ الرَّجِیْمِ ○ بِسْمِ اللّٰہِ الرَّحْمٰنِ الرَّحِیْمِ ○
اَلْحَمْدُ لِلّٰہِ رَبِّ الْعٰلَمِیْنَ ○ اَلرَّحْمٰنِ الرَّحِیْمِ ○ مٰلِکِ یَوْمِ الدِّیْنِ ○ اِیَّاکَ
نَعْبُدُ وَاِیَّاکَ نَسْتَعِیْنُ ○ اِھْدِنَا الصِّرَاطَ الْمُسْتَقِیْمَ ○ صِرَاطَ الَّذِیْنَ اَنْعَمْتَ
عَلَیْھِمْ غَیْرِ الْمَغْضُوْبِ عَلَیْھِمْ وَلَا الضَّآلِّیْنَ ○

തിരുനബി(സ)യുടെ കാലഘട്ടത്തിലെ യുദ്ധനീക്കങ്ങളെ കുറിച്ചാണ് പറഞ്ഞുവരുന്നത്. ഇന്ന് ഇതിൽ ആദ്യം വിവരിക്കുന്നത് സരിയഃ കുർസ് ബിൻ ജാബിറിനെ സംബന്ധിച്ചാണ്.

ഈ സരിയഃ ഹിജ്റ 6 ൽ ശവ്വാൽ മാസത്തിൽ ഉറാനിയീനിലേക്കാണ് നിയോഗിക്കപ്പെട്ടത്. ചിലരുടെ വീക്ഷണത്തിൽ ഈ സരിയ സഈദ് ബിൻ സൈദിന്റെ നേതൃത്വത്തിൽ ആയിരുന്നു. പക്ഷേ ഭൂരിഭാഗം ആളുകളും പറയുന്നത്, ഈ സരിയഃ കുർസ് ബിൻ ജാബിറിന്റേതായിരുന്നു എന്നാണ്. ഒരു നിവേദനത്തിൽ ജരീർ ബിൻ അബ്ദുല്ലായുടെ നേതൃത്വത്തിൽ ആണെന്നും പറയുന്നു. പക്ഷേ ഈ വീക്ഷണത്തെ തള്ളിക്കളയുകയും ചെയ്തിട്ടുണ്ട്.

ഈ സരിയക്കുള്ള കാരണമായി പറയുന്നത്, തിരുനബി(സ)ന്റെ സവിധത്തിൽ ഉകൽ, ഉറൈന ഗോത്രങ്ങളിൽ പെട്ട 8 ആളുകൾ വന്നു. രോഗികളായിരുന്ന അവർ പറഞ്ഞു: യാ റസൂലല്ലാഹ്(സ)! ഞങ്ങൾക്ക് അഭയവും ഭക്ഷണവും തന്നാലും. അവർ മസ്ജിദ് നബവിയുടെ മട്ടുപ്പാവിലാണ് താമസിച്ചിരുന്നത്. അവർ ആരോഗ്യം വീണ്ടെടുത്തെങ്കിലും അവരുടെ ശരീരത്തിന് മദീനയുടെ കാലാവസ്ഥ യോജിക്കുന്നുണ്ടായിരുന്നില്ല. നബി(സ)ന്റെ അനുവാദത്താലും കൽപനയാലും അവരെ വളർത്തു മൃഗങ്ങളുടെ മേച്ചിൽ സ്ഥലത്തേക്ക് പറഞ്ഞയച്ചു. തിരുനബി(സ)ന്റെ അഭയവും കാരുണ്യവും ഉണ്ടായിട്ടുകൂടി അവർ മേച്ചിൽ സ്ഥലത്തേക്ക് എത്തിയ ശേഷം (നല്ലപോലെ ആരോഗ്യം വീണ്ടെടുത്ത് കഴിഞ്ഞ്) അവർ നിഷേധികളായി മാറി. (അവിടെ ഉണ്ടായിരുന്ന) ഒട്ടകങ്ങളെയും തളിച്ച് പോയികളഞ്ഞു. അവർ ആരോഗ്യം വീണ്ടെടുത്തപ്പോൾ തിരുനബി(സ)യെ വഞ്ചിക്കുകയാണ് ചെയ്തത്. തിരുനബി(സ)യുടെ സ്വതന്ത്രനാക്കപ്പെട്ട അടിമ യസാറും അദ്ദേഹത്തിന്റെ ചില കൂട്ടുകാരും അവരെ പിന്തുടർന്നു. മുസ്‌ലീങ്ങളുമായി അവർ യുദ്ധം ചെയ്തപ്പോൾ ഇവരും തിരിച്ചടിച്ചു. അങ്ങനെ അവർ യസാറിന്റെ കൈകാലുകൾ ഛേദിക്കുകയും അദ്ദേഹത്തിന്റെ നാവിലും കണ്ണുകളിലും മുള്ളുകൾ തറയ്ക്കുകയും അങ്ങനെ അദ്ദേഹത്തെ ശഹീദാക്കുകയും ചെയ്തു. അവർ മേച്ചിൽ സ്ഥലത്തേക്ക് തിരിച്ചു വന്ന് (അവിടെ കൊള്ളയടിക്കുകയും അതിന്റെ സംരക്ഷണത്തിനായി) അവിടെയുണ്ടായിരുന്ന മുസ്‌ലീങ്ങളെ കൊല്ലുകയും ചെയ്തു. രക്ഷപ്പെട്ട അതിലൊരാൾ തിരുനബി(സ)യുടെ അടുത്തെത്തി പറഞ്ഞു: അവർ എന്റെ കൂട്ടുകാരെ കൊലപ്പെടുത്തിയിരിക്കുന്നു. അവർ ഒട്ടകങ്ങളെ തട്ടിക്കൊണ്ടുപോയിരിക്കുന്നു. ഉടനെ നബി(സ) 20 പേരടങ്ങുന്ന ഒരു സംഘത്തെ അയക്കുകയുണ്ടായി. അവർ തിരുനബി(സ)യുടെ പ്രാർഥനയുടെ ഫലമായി അതേ ദിവസം തന്നെ പിടിക്കപ്പെട്ടു. നേരം വെളുത്തപ്പോൾ അവരെയും കൊണ്ട് തിരുനബി(സ)യുടെ അടുക്കലെത്തി. വിവിധ നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ, നബി(സ) അവർ മുസ്‌ലിംകളോട് ചെയ്തതു പോലെ തന്നെയാണ് അവരോട് തിരിച്ചും പ്രവർത്തിച്ചത്. ഉറയിനയുടെ സംഭവം മൃതദേഹങ്ങളെ വികലപ്പെടുത്തരുത് എന്ന കൽപ്പന ഇറങ്ങുന്നതിന് മുമ്പുള്ളതാണ്. അതുവരെ ഇത്തരം പ്രതികാരത്തിനുള്ള ഇസ്‌ലാമിക അധ്യാപനങ്ങൾ അവതരിച്ചിരുന്നില്ല. അല്ലാഹു അത് സംബന്ധിച്ചുള്ള ആയത്ത് അവതരിപ്പിച്ചതിനുശേഷം തിരുനബി(സ) (ഇത്തരം ഒരു ശിക്ഷയും നടപ്പാക്കിയിട്ടില്ല.) ഇതിനുശേഷം തിരുനബി(സ) സൈന്യങ്ങളെ അയക്കുമ്പോൾ മൃതദേഹങ്ങളെ വികലപ്പെടുത്തരുതെന്നും സദഖ കൊടുക്കാനും പ്രേരിപ്പിച്ചുകൊണ്ടിരുന്നു.

ഹദ്‌റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്[റ] എഴുതുന്നു, മുസ്‌ലീങ്ങളെ സംബന്ധിച്ചിടത്തോളം ഈ ദിവസങ്ങൾ വളരെ ഭയാനകമായിരുന്നു. കാരണം ഖുറൈശികളുടെയും യഹൂദികളുടെയും പ്രേരണയുടെ ഫലമായി മുഴുവൻ രാജ്യത്തും ശത്രുതയുടെ അഗ്നിനാളങ്ങൾ ഉയരുകയായിരുന്നു. അവർ തങ്ങളുടെ പുതിയ പദ്ധതികൾക്കു കീഴിൽ ഒരു തീരുമാനമെടുത്തിരുന്നത്, മദീനയ്ക്കുമേൽ കൃത്യമായ ആക്രമണം നടത്തുന്നതിന് പകരം ഒളിഞ്ഞിരുന്ന് വഞ്ചനയിലൂടെ നഷ്ടങ്ങൾ ഉണ്ടാക്കണമെന്നതായിരുന്നു.

ഈ അക്രമികൾക്ക് ശിക്ഷ നൽകിയതിനെ സംബന്ധിച്ച് ഹദ്‌റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്[റ] എഴുതുന്നു, ഇതിൽ ദ്രോഹത്തിന് ആരംഭം കുറിച്ചത് നിഷേധികളുടെ ഭാഗത്തു നിന്നായിരുന്നു. (ശത്രുക്കൾക്ക് നൽകപ്പെട്ട ശിക്ഷ പ്രതികാരം എന്ന നിലയ്ക്കായിരുന്നു.) പിന്നെ ഈ പ്രതികാരം മൂസവീ ശരീഅത്ത് അനുസരിച്ചുള്ളതും ആയിരുന്നു. പക്ഷേ എന്നിട്ടും ഇസ്‌ലാം അതിനെ നിലനിർത്തിയില്ല. മേലിൽ ഇത്തരത്തിലുള്ള രീതികളെ ഒഴിവാക്കുകയാണ് ഉണ്ടായത്.

വില്യം മുയിർ അടക്കമുള്ള പാശ്ചാത്യ ഗവേഷകർ ഈ സംഭവത്തിന്റെ പശ്ചാത്തലത്തെ വിവരിച്ചുകൊണ്ട് തങ്ങളുടെ ശൈലി അനുസരിച്ച് ആക്ഷേപങ്ങൾ ഉന്നയിക്കുന്നു. എന്നാൽ എല്ലാ സാഹചര്യങ്ങളെയും മുന്നിൽ വെച്ചുകൊണ്ട് ചിന്തിക്കുകയാണെങ്കിൽ ഇക്കാര്യത്തിൽ ഇസ്‌ലാമിന്റെ കോന്തല തികച്ചും പരിപാവനമാണെന്ന് കാണപ്പെടുന്നതാണ്. കാരണം വാസ്തവത്തിൽ ഈ തീരുമാനം ഇസ്‌ലാമിന്റേതല്ല. മറിച്ച് മൂസാ നബിയുടെത് ആയിരുന്നു. അദ്ദേഹത്തിന്റെ ശരീഅത്തിനെ മിശിഹ കാലഹരണപ്പെടുത്തുകയല്ല ചെയ്തത്; മറിച്ച് നിലനിർത്തുകയാണ് ഉണ്ടായത്. ഇനി നമ്മുടെ ആക്ഷേപകരുടെ മുന്നിൽ ഈസാ നബി[അ]യുടെ, നിന്നെ വലത്തെ ചെകിട്ടത്തു അടിക്കുന്നവന്നു മറ്റേതും തിരിച്ചുകാണിക്ക എന്ന വാക്കുകൾ ആണുള്ളതെങ്കിൽ, ഒരു പ്രശ്നമുള്ളത് ഈ അധ്യാപനങ്ങൾ ഏതെങ്കിലും ഒരു ബുദ്ധിമാന്റെ പക്കൽ പ്രായോഗികമാണോ? ഏതെങ്കിലും ക്രിസ്തീയ പുരുഷനോ സ്ത്രീയോ അല്ലെങ്കിൽ ക്രിസ്തീയ സംഘങ്ങളോ രാഷ്ട്രങ്ങളോ ഈ അധ്യാപനം അനുസരിച്ച് പെരുമാറിയോ? പ്രസംഗ പീഠങ്ങളിൽ കയറി പ്രഭാഷണം നടത്തുന്നതിന് ഒരുപക്ഷേ ഇത് വളരെ നല്ല അധ്യാപനം ആയിരിക്കാം. പക്ഷേ കർമ്മപരമായ ലോകത്ത് ഈ അധ്യാപനങ്ങൾക്ക് യാതൊരു മൂല്യവും ഇല്ല. എന്നാൽ ഇസ്‌ലാം അങ്ങേയറ്റത്തെയും ഇങ്ങേയറ്റത്തെയും വഴികളെ ഒഴിവാക്കിക്കൊണ്ട് മധ്യനിലയിലുള്ള അധ്യാപനം നൽകുന്നു. അത് ലോകത്ത് യഥാർത്ഥ സമാധാനത്തിന്റെ അടിത്തറയിടുന്നതാണ്. അതായത് ഓരോ തിന്മയ്ക്കും അതിന്റെ തീക്ഷ്ണതയനുസരിച്ച് ഉചിതമായ ശിക്ഷ നൽകുക. എന്നാൽ മാപ്പ് കൊടുക്കുകയും സഹിഷ്ണുതയോടെ വർത്തിക്കുകയും ചെയ്യുമ്പോൾ മാറ്റം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു എങ്കിൽ മാപ്പ് കൊടുക്കുകയും സഹിഷ്ണുതയോടെ വർത്തിക്കുകയും ചെയ്യുന്നതാണ് അഭികാമ്യം. അത്തരം വ്യക്തി അല്ലാഹുവിന്റെ പക്കൽ നല്ല പ്രതിഫലത്തിന് അർഹനായിരിക്കുന്നതുമാണ്. ശിക്ഷ കൊടുക്കുന്ന അവസരത്തിലും ഇസ്‌ലാം ഒരു നിബന്ധന വച്ചിരിക്കുന്നു, അതായത് ഉചിതമായ പരിധിയുടെ അപ്പുറത്തേക്ക് പോകരുത്. മൃതദേഹങ്ങളെ വികൃതമാക്കുന്ന മൃഗീയ ചെയ്തികളെ ഒറ്റയടിക്ക് അത് നിർത്തലാക്കി. അതേസമയം മിശിഹായുടെ പ്രകടനപരതയുള്ള അധ്യാപനങ്ങൾ ഉണ്ടായിരുന്നിട്ടുകൂടി ക്രിസ്തീയ സമൂഹത്തിന്റെ ശത്രുക്കളുമായുള്ള പെരുമാറ്റവും യുദ്ധത്തിൽ കാണിച്ച് കൂട്ടുന്ന ചെയ്തികളും കാട്ടിക്കൂട്ടിക്കൊണ്ടിരിക്കുന്നവയുമെല്ലാം ലോകചരിത്രത്തിലെ ഒരു തുറന്ന ഏടാകുന്നു. അവർ എന്തൊക്കെയാണ് ചെയ്തു കൂട്ടുന്നതെന്ന് ഇവിടെ ആവർത്തിക്കേണ്ട കാര്യമില്ല.

ഇനി ഗസ്‌വ ദി ഖർദ് എന്ന പേരിൽ അറിയപ്പെടുന്ന മറ്റൊരു യുദ്ധനീക്കത്തെ കുറിച്ച് പരാമർശിക്കാം. ഇത് എപ്പോഴാണ് ഉണ്ടായതെന്ന കാര്യത്തിൽ നബിചരിത്രകാരന്മാർക്കും ഹദീസ് പടുക്കൾക്കും ഇടയിൽ തർക്കമുണ്ട്. ഹദീസ് പണ്ഡിതന്മാർ ഇത് ഹുദൈബിയാ സന്ധിക്ക് ശേഷം ഖൈബർ യുദ്ധം നീക്കത്തിനുമുമ്പ് ഉണ്ടായതെന്ന് പറയുമ്പോൾ നബിചരിത്രകാരന്മാർ ഇത് ലൈഹാൻ യുദ്ധത്തിനുശേഷമാണ് ഉണ്ടായതെന്ന് പറയുന്നു. ഇമാം ബുഖാരിയും ഇമാം മുസ്‌ലിമും പറയുന്നതനുസരിച്ച് ഇത് ഖൈബർ യുദ്ധത്തിന് മൂന്നു ദിവസം മുമ്പാണ് ഉണ്ടായത്.

ഹദ്‌റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്[റ] ദീ ഖർദ് യുദ്ധനീക്കത്തെ ഹിജ്റ ഏഴാം വർഷം മുഹറം മാസത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിന്റെ വിശദീകരണം ഇപ്രകാരമാണ്, തിരുനബി[സ]ക്ക് 20 പെൺഒട്ടകങ്ങളും വേറെ കുറച്ച് ആൺഒട്ടകങ്ങളും ഉണ്ടായിരുന്നു. (ഖൈബറിലേക്കുള്ള വഴിയിൽ) അവ മേഞ്ഞ് നടന്നിരുന്നു.

ഒരു ഇടയൻ എല്ലാ ദിവസവും മഗ്‌രിബിന്റെ സമയത്ത് അവയുടെ പാൽ കറന്ന് കൊണ്ടുവന്ന് തിരുനബി(സ)യുടെ സവിധത്തിൽ സമർപ്പിച്ചിരുന്നു. ഒരു ദിവസം ഉയയ്ന ബിൻ ഹസൻ ഫസാരി, ബനൂ ഗത്ഫാനിലെ 40 കുതിര പടയാളികളോടൊപ്പം അവയ്ക്കുമേൽ ആക്രമണം നടത്തി; ഒട്ടകങ്ങളെ കൊണ്ടുപോയി. അക്രമണത്തിനിടെ അവർ അബൂദറിന്റെ മകൻ ദറിനെ കൊലപ്പെടുത്തി. അദ്ദേഹം ഒട്ടകങ്ങളുടെ ഇടയനായിരുന്നു. അബൂദറിന്റെ ഭാര്യ ലൈലയെ ബന്ദി ആക്കി കൊണ്ടുപോവുകയും ചെയ്തു. ഉയയ്ന, അഹ്സാബ് യുദ്ധവേളയിൽ ബനൂഫസാറ ഗോത്രത്തിന്റെ നേതാവായിരുന്നു. മക്കാവിജയ സമയത്തോ അതിനു മുമ്പോ ഇസ്‌ലാം സ്വീകരിച്ച ഉയയ്ന ബിൻ ഹസൻ, ഹുനൈൻ, ത്വായിഫ് യുദ്ധങ്ങളിലും പങ്കെടുത്തിട്ടുണ്ട്. തിരുനബി(സ) അദ്ദേഹത്തെ ബനൂതമീമിനെ പരാജയപ്പെടുത്തുന്നതിന്‌വേണ്ടി 50 സവാരികളോടൊപ്പം അയച്ചിട്ടുണ്ടായിരുന്നു. ഇതിൽ അൻസ്വാറുകളോ മുഹാജിരീങ്ങളോ ആയ ഒരു സ്വഹാബിയും പങ്കെടുത്തിട്ടില്ലായിരുന്നു. പിന്നെ ഒന്നാം ഖിലാഫത്ത് കാലത്ത് അയാൾ മുർത്തദ്ദായി (കലാപകാരികളോടൊപ്പം ചേർന്നു.) തുലൈഹ പ്രവാചകത്വം വാദിച്ചപ്പോൾ ഇയാൾ അതോടൊപ്പം ചേർന്നു. പിന്നീട് അബൂബക്കർ സിദ്ദീഖിന്റെ അടുക്കൽ ബന്ദിയായി വരികയുണ്ടായി. അദ്ദേഹം ഔദാര്യപൂർവ്വം അയാൾക്ക് മാപ്പ് കൊടുത്തു. അയാൾ വീണ്ടും ഇസ്‌ലാം സ്വീകരിച്ചു.

ഇതിന്റെ വിശദീകരണത്തിൽ പറയുന്നു: ഉയയ്നയുടെ ആക്രമണത്തിന് മുമ്പേ അബൂദർ തിരുനബി(സ)യോട് ഒട്ടകങ്ങളുടെ മേച്ചിൽ പുറത്തേക്ക് പോകാൻ അനുവാദം ചോദിച്ചിരുന്നു. തിരുനബി(സ) പറഞ്ഞു: ശത്രുക്കൾ താങ്കളെ ആക്രമിക്കുമോ എന്ന് എനിക്ക് ആശങ്കയുണ്ട്. കാരണം നമ്മൾ ഉയയ്നയും അയാളുടെ കൂട്ടുകാരുമായും സമാധാനത്തിൽ അല്ല ഉള്ളത്. ഈ സ്ഥലവും അവരുടെ ഭാഗത്താണ് ഉള്ളത്. ഹദ്‌റത്ത് അബൂദർ ശാഠ്യം പിടിച്ചപ്പോൾ തിരുനബി(സ) പറഞ്ഞു: നിങ്ങളുടെ മകനെ വധിക്കുകയും, നിങ്ങളുടെ ഭാര്യയെ ബന്ദിയാക്കുകയും, അങ്ങനെ നിങ്ങൾ ഒരു വടിയും കുത്തി വരുന്ന അവസ്ഥയുണ്ടാകുമെന്നും ഞാൻ ഭയപ്പെടുന്നു. ഹദ്‌റത്ത് അബൂദർ പറയുന്നു: നിങ്ങളെ സംബന്ധിച്ച് ആശങ്കയുണ്ടെന്ന് നബി(സ) പറഞ്ഞപ്പോൾ എനിക്ക് അത്ഭുതമാണ് ഉണ്ടായത്. എന്നിട്ടും ഞാൻ ശാഠ്യം പിടിച്ചുകൊണ്ടിരുന്നു. പിന്നെ അല്ലാഹുവാണെ, തിരുനബി(സ) പറഞ്ഞതുപോലെ തന്നെ സംഭവിച്ചു. ഞാൻ വീട്ടിലായിരുന്നു. തിരുനബി(സ)യുടെ ഒട്ടകങ്ങളെ തൊഴുത്തിലേക്ക് തിരികെ കൊണ്ടുവന്നു അവയ്ക്ക് വെള്ളവും ഭക്ഷണവും നൽകിയിട്ടുണ്ടായിരുന്നു. അവയുടെ പാൽ കറക്കുകയും ചെയ്തിരുന്നു. പിന്നെ ഞങ്ങൾ ഉറങ്ങിയപ്പോൾ രാത്രി നേരത്ത് ഉയയ്ന 40 സവാരികളോടൊപ്പം ഞങ്ങളെ ആക്രമിച്ചു. അവർ അവിടെനിന്ന് വിളിച്ചു പറഞ്ഞപ്പോൾ എന്റെ മകൻ പുറത്തേക്കിറങ്ങി. അവനെ അവർ വധിക്കുകയും ചെയ്തു.

ഇതോടനുബന്ധിച്ചു ഹദ്‌റത്ത് സൽമാ ബിൻ അക്കൂഅ് ശത്രുക്കളെ പിന്തുടർന്ന പരാമർശവും വരുന്നുണ്ട്. ഹദ്‌റത്ത് സൽമാ ബിൻ അക്കൂഅ് ഒട്ടകങ്ങളെ കൊണ്ടുപോയവരെ പിന്തുടർന്നു. അവരെ ആക്രമിക്കുകയും അങ്ങനെ അവരുടെ അധികം ഒട്ടകങ്ങളെയും തിരിച്ചെടുക്കുകയും ചെയ്തു. തിരുനബി(സ)യുടെ അടുക്കൽ ഈ സംഭവങ്ങളെ സംബന്ധിച്ച് അറിയിപ്പ് ലഭിച്ചപ്പോൾ മദീനയിൽ ഒരു വിളംബരം നടത്തി. ആ സമയത്ത് തന്നെ പ്രധാന സ്വഹാബാക്കൾ ഒരുമിച്ചു കൂടാൻ തുടങ്ങി. തിരുനബി(സ), സഅദ് ബിൻ സൈദിനെ അമീറായി നിശ്ചയിച്ചുകൊണ്ട് ശത്രുവിനെ പിന്തുടർന്ന് പുറപ്പെടാൻ കൽപന നൽകി. പിന്നിൽ തിരുനബി(സ)യും 500 അല്ലെങ്കിൽ 700 സ്വഹാബാക്കളോടൊപ്പം പുറപ്പെടുകയുണ്ടായി.

തിരുനബി(സ) ഹദ്‌റത്ത് മിഖദാദ് ബിൻ അസ്വദിന്റെ അമ്പിൽ പതാക കെട്ടുകയും ചെയ്തു. ഈ ഉദ്യമത്തിൽ ഒരു സംഭവത്തെക്കുറിച്ചുള്ള പരാമർശം കൂടി ഉണ്ട്. ഇബ്നു ഇസ്ഹാഖ് പറയുന്നു: നബി(സ) പറഞ്ഞു: അബൂ ഇയ്യാശ്! നിങ്ങളുടെ കുതിരയെ നിങ്ങളെക്കാളും ഉത്തമനായ ഒരു വ്യക്തിക്ക് നൽകുകയില്ലേ? അങ്ങനെയായാൽ അദ്ദേഹത്തിന് ശത്രുക്കളുടെ അടുത്തെത്താൻ കഴിയുന്നതാണ്. ഹദ്‌റത്ത് അബൂ ഇയ്യാശ് പറഞ്ഞു: യാ റസൂലല്ലാഹ്(സ)! ഞാൻ നല്ല കുതിര സവാരിക്കാരൻ ആകുന്നു. അദ്ദേഹം പറയുന്നു: തിരുനബി(സ)യോട് ഇത്രയും പറഞ്ഞ് പിന്നെ കുതിരയെ കുതികാലുകൊണ്ട് തെളിച്ചു. പക്ഷേ 50 അടി മുന്നോട്ടു നീങ്ങിയതേയുള്ളൂ അത് നിലത്തേക്ക് വീണു. ഞാൻ അത്ഭുതപ്പെട്ടു. തിരുനബി(സ) കുതിരയെ തന്നെക്കാളും നല്ല സവാരിക്കാരന് കൊടുക്കുന്നതിനുവേണ്ടി പറയുന്നു. ഞാൻ പറഞ്ഞത്, ഞാൻ നല്ല സവാരികാരനാണ് എന്നാണ്. നബി തിരുമേനി(സ) അബൂ ഇയ്യാശിന്റെ ഈ കുതിരയെ ഹദ്‌റത്ത് മആദ് ബിൻ മാഅസിനു കൊടുത്തു.

ഈ യുദ്ധത്തിൽ സ്വഹാബാക്കൾ വളരേ ധീരത യോടെ പോരാടുകയും ചില സ്വഹാബാക്കൾ ധീരതപ്രകടിപ്പിച്ചുകൊണ്ട് ശഹാദത്ത് പദവി കര സ്ഥമാക്കുകയും ചെയ്തു.

ഈ യുദ്ധത്തിന്റെ വേറെയും വിശദീകരണ ങ്ങൾ ഉണ്ട്. ഇൻശാ അല്ലാഹ് അത് പിന്നീട് വിവ രിക്കുന്നതാണ്.

* * * * * * *

* * *

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ
عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا
اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ
اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَآءِ ذِي الْقُرْبٰى وَ يَنْهٰى
عَنِ الْفَحْشَآءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ
اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ -

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)
at Masjid Mubarak, Islamabad, Tilford, UK – on 25.01.2025
Malayalam Translation: **Moulavi H. Shamsuddin Kavassery**
Typing & Layout: **Moulavi T. Jamshad Mukkam,** For Malayalam Desk, Qadian.
Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516